**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4583** **29-10-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണം തടയുന്നതിന് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നത് ശാശ്വത പരിഹാരമാണോയെന്ന് വ്യക്തമാക്കുമോ; സോളാർ വേലികളുടെ പരിപാലനം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | വന്യജീവി ആക്രമണം തടയുന്നതിന് സോളാർ പെൻസിംഗ് സ്ഥാപിക്കുന്നത് ഒരു പരിധിവരെ പരിഹാരമാണ്. പരിപാലന പ്രവർത്തികൾ ദിവസേന ചെയ്തു വരുന്ന പക്ഷം സോളാർ ഫെൻസിംഗ് ഫലപ്രദമാണ്. എന്നാൽ സോളാർ ഫെൻസിംഗ് ഒരു ശാശ്വത പരിഹാരമാണെന്ന് വിലയിരുത്തപ്പെട്ടിട്ടില്ല. 14.09.2021-ൽ വനം വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും സംയുക്തമായി വിളിച്ച് ചേർത്ത യോഗത്തിൽ മനുഷ്യ-വന്യജീവി സംഘർഷംമൂലമുള്ള മരണങ്ങൾ ,കൃഷിനാശം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് വനം വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും സംയുക്തമായി ആലോചിച്ച് ത്രിതല പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തി തൊഴിലുറപ്പ് പദ്ധതി കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് മയക്കുവെടി വെക്കുന്നതിൽ പരിശീലനം സിദ്ധിച്ച വെറ്റിനറി ഡോക്ടർമാരുടെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാക്കുവാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ; | (ബി) | 13.12.2018 മുതൽ 15.12.2018 വരെ വെറ്ററിനറി ഡോക്ടർമാർക്കായി സംഘടിപ്പിച്ച മയക്കുവെടി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ പരിശീലനത്തിൽ 27 വെറ്ററിനറി ഡോക്ടർമാർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ സർവ്വീസിലുള്ള വരും ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്തവരുമായ സന്നദ്ധരാകുന്ന വെറ്ററിനറി ഡോക്ടർമാർക്ക് പരിശീലനം നൽകാൻ നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | കാട്ടുപന്നി ശല്യം നേരിടുവാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം ലഭിച്ചിരുന്നുവോ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | (സി) | കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 01.11.2020-ന് സമർപ്പിച്ച ശുപാർശ തിരികെ നൽകിക്കൊണ്ട്, സംസ്ഥാനത്ത് കാട്ടു പന്നിശല്യം പരിഹരിക്കുവാൻ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, ഇക്കാര്യത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ |

| | | | | |
|---|---|---|---|---|
| | | | | സേവനങ്ങൾ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, 10-12-2020 തീയതിയിലെ എഫ്.നം.8-31/2020-ഡബ്ളിയു.എൽ. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ 10.12.2020 ലെ മേൽ നിർദ്ദേശത്തിനും വളരെ മുമ്പുതന്നെ, സ.ഉ. (സാധാ) നം. 51/2017/വനം തീയതി 07.02.2017 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് പഞ്ചായത്ത് / മുൻസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പൽ ചെയർ പേഴ്സൺ അദ്ധ്യക്ഷനും, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് / മുനിസിപ്പൽ വൈസ് ചെയർ പേഴ്സൺ ഉപാദ്ധ്യക്ഷനും, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ളോക്ക് പഞ്ചായത്ത് മെമ്പർ തുടങ്ങിയവർ ജനജാഗ്രതാ സമിതിയിൽ അംഗങ്ങളുമാണ്. നിലവിൽ 246 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്തുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം. 7/2019/വനം തീയതി 16.02.2019 പ്രകാരം, കാട്ടുപന്നികളെ കൊന്നൊടുക്കുന്നതിൽ സ്വീകരിക്കേണ്ട നടപടിക്രമത്തിൽ, ജനജാഗ്രതാ സമിതി യോഗം ചേർന്ന് തീരുമാനിച്ച് ശുപാർശ ചെയ്യുന്ന പ്രദേശങ്ങളിലെ കാട്ടുപന്നികളെയും കൊല്ലുവാനായി പരിഗണിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൃഷിയിടത്തിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുവാൻ സ.ഉ. (സാധാ) നം. 265/2011/വനം തീയതി 17.06.2011 മുതൽ അനുമതിയുണ്ട്. 2011 ലെ ഈ ഉത്തരവിനെ തുടർന്ന് തന്നെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ വകുപ്പ് 11 (1) (ബി) പ്രകാരമുള്ള നടപടികൾ കേരളത്തിൽ സ്വീകരിച്ചു തുടങ്ങിയിരുന്നു. തുടർന്ന് ഈ വിഷയത്തിൽ പുറപ്പെടുവിച്ച ജി.ഒ (ആർ.റ്റി) നം. 281/2011/വനം തീയതി 23.06.2011 ൽ തന്നെ ഗ്രാമ പഞ്ചായത്ത് അംഗം, പ്രസിഡന്റ് എന്നിവരുടെ സേവനങ്ങൾ ഉപയോഗിക്കേണ്ടത് പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ